പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3677 — 11.11.2019 ൽ മറുപടിയ്ക്ക്

സിവിൽ സപ്ലൈസ് വകുപ്പിൽ അസിസ്റ്റന്റ് സെയിൽസ്മാൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.അബ്ദുറഹിമാൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിലെ സിവിൽ സപ്ലൈസ് വകുപ്പിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയുടെ (222/2015) 2019 ൽ നിലവിൽ വന്ന പി.എസ്.സി. ലിസ്റ്റിന്റെ നിയമനസ്ഥിതി അറിയിക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ 19.06.2018 ൽ നിലവിൽ വന്ന അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നും 129 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം നേരിട്ട സാഹചര്യം വ്യക്തമാക്കാമോ; | (ബി) | ടി തസ്തികയുടെ സാധ്യതാ പട്ടിക 30.10.2017 ന് പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും മറ്റ് തസ്തികളിൽ നിന്നും വ്യത്യസ്തമായി ഭിന്നശേഷിക്കാർക്ക് അർഹതാ നിർണ്ണയം നടത്തിയ ശേഷമാണ് അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത ലിസ്റ്റിൽ നിന്നും ഏതെങ്കിലും വിഭാഗത്തിന് മുൻകാല കോമ്പൻസേഷൻ നൽകിയിട്ടുണ്ടോ; ഇനി ഏതെങ്കിലും വിഭാഗത്തിന് ലഭിക്കാനുണ്ടോ; അറിയിക്കുമോ; | (സി) | ഇല്ല. |
| (ഡി) | ഈ തസ്തികയിൽ പുതുതായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (ഡി) | 13 (പതിമൂന്ന്) ഒഴിവുകൾ കോഴിക്കോട് പി.എസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ 7 (ഏഴ്) ഒഴിവുകളിൽ നിയമന ശിപാർശ അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | പ്രസ്തുത തസ്തികയിലെ നിയമനം വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (ഇ) | ഒഴിവുകൾ യഥാസമയം പി.എസ്.സി. യെ അറിയിക്കുകയും നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമനം നൽകി വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ